ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

TIME: 12.30 PM DATE:23-11-2024

## പ്രധാനവാർത്തകൾ

1). കേരളത്തിൽ ഉപതിരഞ്ഞെടുപ്പ് നടന്ന വയനാട് ലോക്സഭാ മണ്ഡലത്തിൽ ജയം ഉറപ്പിച്ച് പ്രിയങ്ക ഗാന്ധി. പാലക്കാട് നിയമസഭാ മണ്ഡലത്തിൽ രാഹുൽ മാങ്കൂട്ടത്തിലും, ചേലക്കര നിയമസഭാ മണ്ഡലത്തിൽ യു. ആർ പ്രദീപും ലീഡുയർത്തുന്നു.

2). നിയമസഭാ തിരഞ്ഞെടുപ്പ് നടന്ന മഹാരാഷ്ട്രയിൽ ബിജെപി ഉൾപ്പെടുന്ന മഹായുതി സഖ്യം അധികാരത്തിലേക്ക്. ഝാർഖണ്ഡിൽ കോൺഗ്രസ് ഉൾപ്പെടുന്ന ഐ.എൻ.ഡി.ഐ സഖ്യം മുന്നേറുന്നു. ലോക്സഭാ ഉപതിരഞ്ഞെടുപ്പ് നടന്ന മഹാരാഷ്ട്രയിലെ നന്ദേഡിൽ ബി ജെ പിയ്ക്ക് ലീഡ്.

3). നിയമസഭാ ഉപതെരെഞ്ഞെടുപ്പ് ഫലസൂചനകളിൽ ഉത്തർപ്രദേശിലും രാജസ്ഥാനിലും ബി ജെ പി യ്ക്ക് മുൻതൂക്കം; ബംഗാളിൽ തൃണമൂൽ; കർണാടകയിൽ കോൺഗ്രസ്.

RNU TVPM

4). മുനമ്പം ഭൂമി പ്രശ്നത്തിൽ സമരസമിതി ഭാരവാഹികളുമായി മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് വൈകിട്ട് ചർച്ച നടത്തും.

5). ഓസ്ട്രേലിയയ്ക്കെതിരായ പെർത്ത് ക്രിക്കറ്റ് ടെസ്റ്റിൽ ഇന്ത്യയ്ക്ക് ഒന്നാം ഇന്നിങ്സ് ലീഡ്.

**********************************************

## തിരഞ്ഞെടുപ്പ് - ജനറൽ

മഹാരാഷ്ട്ര, ഝാർഖണ്ഡ് നിയമസഭാ തിരഞ്ഞെടുപ്പിൻറെ വോട്ടെണ്ണൽ പുരോഗമിക്കുന്നു. കേരളം ഉൾപ്പെടെ 15 സംസ്ഥാനങ്ങളിലെ, രണ്ട് ലോക് സഭാ സീറ്റുകളിലേക്കും, 48 നിയമസഭാ സീറ്റുകളിലേക്കും നടന്ന ഉപ തിരഞ്ഞെടുപ്പിൻറെയും വോട്ടെണ്ണൽ അന്തിമ ഘട്ടത്തിലാണ്. ശക്തമായ ത്രികോണ മത്സരം നടന്ന പാലക്കാട് യു ഡി എഫ് സ്ഥാനാർഥി രാഹുൽ മാങ്കൂട്ടത്തിൽ തൊട്ടടുത്ത എതിർ സ്ഥാനാർഥി ബി ജെ പി യുടെ സി കൃഷ്ണകുമാറിനേക്കാൾ 15,352 വോട്ടുകൾക്ക് മുന്നിലാണ്. ആദ്യഘട്ടത്തിൽ മുൻതൂക്കം നേടിയ കൃഷ്ണകുമാറിന് പിന്നീട് ലീഡ് നിലനിർത്താനായില്ല. എൽ ഡി എഫ് സ്ഥാനാർഥി പി സരിൻ മൂന്നാംസ്ഥാനത്തേയ്ക്ക് പിന്തള്ളപ്പെട്ടു. ചേലക്കര നിയമസഭാ മണ്ഡലത്തിൽ എൽ ഡി എഫ് സ്ഥാനാർഥി യു ആർ പ്രദീപ് തൊട്ടടുത്ത എതിർ സ്ഥാനാർഥി യു ഡി എഫിന്റെ രമ്യ ഹരിദാസിനേക്കാൾ 11,362 വോട്ടുകൾക്ക് മുന്നിലാണ്. ബി ജെ പിയുടെ സി ബാലകൃഷ്ണനാണ് ഇവിടെ മൂന്നാം സ്ഥാനത്ത്

RNU TVPM

ദേശീയതലത്തിൽ ശ്രദ്ധ നേടിയ വയനാട് ലോക്സഭാ മണ്ഡലത്തിൽ കോൺഗ്രസ് സ്ഥാനാർഥി പ്രിയങ്ക ഗാന്ധി ബഹുദൂരം മുന്നിലാണ്.

പ്രിയങ്ക ഗാന്ധിയുടെ ലീഡ് 3,19,199 കടന്നു. എൽ ഡി എഫ് സ്ഥാനാർഥി സത്യൻ മൊകേരി രണ്ടാമതും എൻ ഡി എ സ്ഥാനാർഥി നവ്യ ഹരിദാസ് മൂന്നാമതുമാണ്..

**********************************************

<u>**വയനാട് വോട്ടെണ്ണൽ - (ഇൻട്രോ)**</u>

വയനാട് ലോക്സഭാ മണ്ഡലത്തിൽ ആദ്യ ഘട്ടം മുതൽ തന്നെ ആധിപത്യം ഉറപ്പിച്ച കോൺഗ്രസ് സ്ഥാനാർഥി പ്രിയങ്ക ഗാന്ധിയുടെ ലീഡ് മൂന്ന് ലക്ഷം കടന്നു.

വയനാട്ടിലെ തിരഞ്ഞെടുപ്പ് ഫലത്തിൻറെ ഏറ്റവും പുതിയ വിവരങ്ങളുമായി ആകാശവാണി ജില്ലാ പ്രതിനിധി അരുൺ വിൻസെൻറ് ചേരുന്നു.

അരുൺ, LDF , NDA സ്ഥാനാർത്ഥികളെ ഏറെ പിന്നിലാക്കിയാണ് പ്രിയങ്കയുടെ മുന്നേറ്റം, മണ്ഡലത്തിൽ
ഇനി എത്ര ബൂത്തുകൾ എണ്ണാനുണ്ട് ?

**( ലൈവ് വോയിസ്.............. )**

**നന്ദി അരുൺ...**

**********************************************

<u>**പാലക്കാട് വോട്ടെണ്ണൽ - (ഇൻട്രോ)**</u>

പാലക്കാട് ജനവിധി വ്യക്തമാകാൻ ഇനി അല്പസമയം മാത്രം. ആദ്യ ഘട്ടത്തിൽ ലീഡ് ചെയ്ത NDA സ്ഥാനാർഥി സി

RNU TVPM

കൃഷ്ണകുമാറിനെ പിന്നിലാക്കി UDF ൻറെ രാഹുൽ മാങ്കൂട്ടത്തിൽ മുന്നേറുകയാണ്.

പാലക്കാട് നിന്നും തത്സമയ വിവരങ്ങളുമായി ആകാശവാണി ജില്ലാ പ്രതിനിധി ഫൈസൽ അലി മുത്ത് ചേരുന്നു.....

ഫൈസൽ, പാലക്കാട് മണ്ഡലത്തിലെ വിജയി ആരെന്ന് ഏതാണ്ട് ഉറപ്പിച്ചു കഴിഞ്ഞോ ? എന്താണ് ഏറ്റവും പുതിയ വിവരങ്ങൾ ?

**(ലൈവ് വോയിസ്........... )**

നന്ദി ഫൈസൽ.....

**********************************************

**ചേലക്കര വോട്ടെണ്ണൽ - (ഇൻട്രോ)**

നിയമസഭാ ഉപതിരഞ്ഞെടുപ്പ് നടന്ന ചേലക്കര മണ്ഡലത്തിൽ വോട്ടെണ്ണൽ അവസാന ഘട്ടത്തിലേക്ക് എത്തുമ്പോൾ ലീഡ് നിലനിർത്തി LDF സ്ഥാനാർഥി യു.ആർ പ്രദീപ്.

വോട്ടെണ്ണലിൻറെ കൂടുതൽ വിവരങ്ങളുമായി ആകാശവാണി തൃശൂർ ജില്ലാ പ്രതിനിധി ഭരിതാ പ്രതാപ് നമ്മളോടൊപ്പമുണ്ട്....

ഭരിതാ, ചേലക്കരയിൽ വോട്ടെണ്ണൽ അവസാനിക്കാറായോ ? എൽ ഡി എഫ് കേന്ദ്രങ്ങളിൽ ആഹ്ളാദപ്രകടനങ്ങൾക്ക് തുടക്കമായോ ? എന്താണ് ഇപ്പോഴത്തെ വിവരം ?

**( ലൈവ് വോയിസ് .........................)**

നന്ദി ഭരിത !

**********************************************

**മഹാരാഷ്ട്ര - തിരഞ്ഞെടുപ്പ്**

മഹാരാഷ്ട്രയിൽ, 288 അംഗ നിയമസഭയിലേക്ക് നടന്ന തിരഞ്ഞെടുപ്പിൽ ഭരണകക്ഷിയായ മഹായുതി സഖ്യം 224 സീറ്റിലും പ്രതിപക്ഷമായ മഹാവികാസ് അഘാഡി സഖ്യം

RNU TVPM

54 സീറ്റിലും മുന്നേറുന്നു. മഹായുതി സഖ്യത്തിൽ ബിജെ പിക്ക് 127, ശിവസേന ഷിൻഡെ വിഭാഗത്തിന് 56 , എൻ സി പി അജിത് പവാർ വിഭാഗത്തിന് 37 എന്നിങ്ങനെയാണ് സീറ്റ്
നില. മഹാവികാസ് അഘാടി സഖ്യത്തിൽ കോൺഗ്രസ് – 18, ശിവസേന ഉദ്ധവ് വിഭാഗം – 18 എൻ സി പി ശരത് പവാർ വിഭാഗം – 14 എന്നിങ്ങനെയാണ് സീറ്റ് നില.
*************************************************

**മഹാരാഷ്ട്ര വിജയം പരാജയം**

നാഗ്പൂർ സൗത്ത് വെസ്റ്റിൽ ദേവേന്ദ്ര ഫട്നാവിസ് മുന്നിലാണ്. നിലവിലെ മുഖ്യമന്ത്രിയും ശിവസേന ഷിൻഡെ വിഭാഗം നേതാവുമായ ഏക്നാഥ് ഷിൻഡെ, കോപാരി പാച്ച്പഖാഡിയിൽ ലീഡ് ചെയ്യുന്നു. എൻ സി പി നേതാവ് അജിത്ത് പവാർ ബരാമതിയിൽ മുന്നിൽ. കോൺഗ്രസ്സ് നേതാവ് പ്രിത്വിരാജ് ചവാൻ കാരാട് സൗത്തിൽ പിന്നിലാണ്.
*************************************************

RNUTVPM

**ഝാർഖണ്ഡ് - തിരഞ്ഞെടുപ്പ്**

81 അംഗ ഝാർഖണ്ഡ് നിയമസഭയിലേക്ക് നടന്ന തിരഞ്ഞെടുപ്പിൽ എൻ ഡി എ 29 മണ്ഡലങ്ങളിലും ഐ.എൻ.ഡി.ഐ സഖ്യം 50 മണ്ഡലങ്ങളിലും ലീഡ് ചെയ്യുന്നു. എൻ ഡി എ ഘടകകക്ഷികളായ ബി ജെ പി 27 സീറ്റിൽ മുന്നേറുമ്പോൾ AJSU 2 സീറ്റിൽ മുന്നിലാണ് ഐ.എൻ.ഡി.ഐ സഖ്യത്തിൽ, ഘടകകക്ഷികളായ ജെ എം എം 29 ഇടത്തും കോൺഗ്രസ് 15 ഇടത്തും മുന്നേറുന്നു.
*************************************************

## ഝാർഖണ്ഡ് - വിജയം പരാജയം

മുഖ്യമന്ത്രി ഹേമന്ത് സോറെൻ ബർഹൈത്തിൽ മുന്നിലാണ്. മുൻ മുഖ്യമന്ത്രിമാരും ബി ജെ പി സ്ഥാനാർത്ഥികളുമായ ചംപൈ സോറെൻ, ബാബുലാൽ മറാണ്ടി എന്നിവരും മുന്നിലാണ്. ജെ എം എം നേതാക്കളായ കല്പന സൊറെൻ ഖണ്ഡേയിൽ പിന്നിലാണ്.

************************************************

## ഉപതിരഞ്ഞെടുപ്പ് ഫലം

നിയമസഭാ ഉപതിരഞ്ഞെടുപ്പ് നടന്ന ഉത്തർപ്രദേശിലെ 9 നിയമസഭാ മണ്ഡലങ്ങളിൽ 5 ഇടത്ത് ബി ജെ പി യും 3 ഇടത്ത് സമാജ്‌വാദി പാർട്ടിയും ലീഡ് ചെയ്യുന്നു. രാജസ്ഥാനിലെ 7 ൽ 3 ഇടത്ത് ബി ജെ പി യും 2 ഇടത്ത് കോൺഗ്രസും ലീഡ് ചെയ്യുന്നു. പശ്ചിമ ബംഗാളിൽ 6 സീറ്റിലും തൃണമൂലിനാണ് ലീഡ്. അസമിലെ 5 ൽ 2 ഇടത്ത് ബി ജെ പിക്കും ഒരിടത്ത് കോൺഗ്രസിനുമാണ് ലീഡ്. ബിഹാറിലെ 4 സീറ്റിലും എൻ ഡി എ മുന്നിട്ട് നിൽക്കുന്നു. പഞ്ചാബിലെ 4 ൽ 3 ഇടത്ത് ആം ആദ്മി പാർട്ടിയും ഒരു സീറ്റിൽ കോൺഗ്രസും ലീഡ് ചെയ്യുന്നു. കർണാടകയിലെ 3 സീറ്റിലും കോൺഗ്രസാണ് ലീഡ് ചെയ്യുന്നത്. മധ്യപ്രദേശിലെ 2 ഇടത്തും ബിജെപിക്ക് മുന്നേറ്റം. സിക്കിമിൽ സോറെങ്-ചഖുങ്, നാംചി-സിംഗിതാങ് എന്നീ രണ്ട് നിയമസഭാ സീറ്റുകളിൽ ഭരണകക്ഷിയായ സിക്കിം ക്രാന്തികാരി മോർച്ച എതിരില്ലാതെ വിജയിച്ചു. ഓരോ സീറ്റുകളിൽ തിരെഞ്ഞെടുപ്പ് നടന്ന ഛത്തീസ്ഗഢ്, ഗുജറാത്ത് ഉത്തരാഖണ്ഡ് എന്നിവിടങ്ങളിൽ ബിജെപിയും

RNUTVPM

മേഘാലയയിൽ എൻ.പി.പിയും ലീഡ് ചെയ്യുന്നു. മഹാരാഷ്ട്രയിലെ നന്ദേഡ് ലോകസഭാ മണ്ഡലത്തിൽ ബിജെപി ലീഡ് ചെയ്യുന്നു.
15 സംസ്ഥാനങ്ങളിലെ 48 നിയമസഭാ മണ്ഡലങ്ങളിലേക്കും രണ്ട് പാർലമെന്റ് മണ്ഡലങ്ങളിലേക്കുമാണ് ഉപതിരഞ്ഞെടുപ്പ് നടന്നത്.

************************************************

## മൻ കി ബാത്

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കു വയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത് നാളെ രാവിലെ 11 മണിക്ക്. പരിപാടിയുടെ 116-ാം പതിപ്പാണിത്. ആകാശവാണിയുടേയും ദൂരദർശന്റേയും എല്ലാ ശൃംഖലകളിലും പരിപാടി തത്സമയം ലഭ്യമാകും. തുടർന്ന് പ്രാദേശിക ഭാഷകളിലും മൻ കി ബാത് കേൾക്കാവുന്നതാണ്.

************************************************

RNU TVPM

## മൻ കി ബാത് - പ്രശ്നോത്തരി

പ്രധാനമന്ത്രിയുടെ മൻ കി ബാത്ത് പ്രഭാഷണ പരമ്പരയെ ആസ്പദമാക്കി സംഘടിപ്പിക്കുന്ന പ്രശ്നോത്തരിയുടെ അവസാന ഘട്ട താലൂക്ക് തല മത്സരം നാളെ നടക്കും. തിരുവനന്തപുരത്ത് പട്ടം കേന്ദ്രീയ വിദ്യാലയത്തിൽ നടക്കുന്ന പരിപാടി എയറോനോട്ടിക്കൽ സിസ്റ്റംസ് മുൻ ഡി.ജി ടെസി തോമസ് ഉദ്ഘാടനം ചെയ്യും. മുൻ കേന്ദ്രമന്ത്രി വി മുരളീധരൻ അധ്യക്ഷനാകും. താലൂക്ക് തലത്തിൽ വിജയികളാകുന്ന 36 കുട്ടികൾക്ക് ഡൽഹിയിൽ നടക്കുന്ന റിപ്പബ്ലിക് ദിന പരേഡിൽ പങ്കെടുക്കാൻ അവസരമുണ്ട്.

************************************************

## പ്രശ്നോത്തരി- ഇന്ത്യയെ അറിയാം

ഇന്ത്യയെ അറിയാം എന്ന പേരിൽ കേന്ദ്രസർക്കാർ സംഘടിപ്പിക്കുന്ന പ്രശ്നോത്തരി പരിപാടിയിൽ പങ്കാളിത്തം ഉറപ്പാക്കണമെന്ന് ഇന്ത്യൻ പ്രവാസികളോടും വിദേശീയരോടും ആഹ്വാനം ചെയ്ത് പ്രധാനമന്ത്രി നരേന്ദ്ര മോദി. ഇന്ത്യയുമായി പ്രവാസികൾക്കുള്ള ബന്ധം ശക്തിപ്പെടുത്താൻ പരിപാടിയിലൂടെ സാധിക്കുമെന്ന് പ്രധാനമന്ത്രി പറഞ്ഞു. രാജ്യത്തിന്റെ സമ്പന്നമായ പൈതൃകവും സംസ്കാരവും വീണ്ടെടുക്കാനുള്ള അവസരമാണിതെന്നും ശ്രീ മോദി സമൂഹ മാധ്യമത്തിൽ കുറിച്ചു.

***********************************************

RIU TVPM

## പ്രധാനമന്ത്രി - മീഡിയ

ലോക രാഷ്ട്രങ്ങൾ വികസനത്തിനായി ഇന്ത്യയുടെ പങ്കാളിത്തം ആഗ്രഹിക്കുന്നുവെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ഇന്ന് ലോകത്ത് ഏറ്റവും വേഗത്തിൽ വളരുന്ന വലിയ സമ്പദ് വ്യവസ്ഥയാണ് ഇന്ത്യയെന്നും അദ്ദേഹം പറഞ്ഞു. ജർമ്മനിയിലെ ഒരു മാധ്യമ സ്ഥാപനം സംഘടിപ്പിച്ച പരിപാടിയെ വീഡിയോ കോൺഫറൻസിംഗിലൂടെ അഭിസംബോധന ചെയ്യവെയാണ് പ്രധാനമന്ത്രി ഇക്കാര്യം പറഞ്ഞത്. ഇന്ത്യ എല്ലാ മേഖലകൾക്കും പുതിയ നയങ്ങൾ ഉണ്ടാക്കിയിട്ടുണ്ടെന്നും 21-ാം നൂറ്റാണ്ടിൽ അതിവേഗ വളർച്ച കൈവരിക്കാൻ സ്വയം തയ്യാറെടുത്തിട്ടുണ്ടെന്നും പ്രധാനമന്ത്രി പറഞ്ഞു.

***********************************************

## പാർലമെൻറ്

ഈ മാസം 25-ന് ആരംഭിക്കുന്ന പാർലമെൻറിൻറെ ശീതകാല സമ്മേളനത്തിന് മുന്നോടിയായി രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിങ്ങിൻറെ അധ്യക്ഷതയിൽ നാളെ സർവകക്ഷി യോഗം ചേരും. ഇരുസഭകളുടെയും സുഗമമായ പ്രവർത്തനം ഉറപ്പാക്കാൻ എല്ലാ രാഷ്ട്രീയ പാർട്ടികളുടെയും പിന്തുണ ഉറപ്പാക്കുന്നതിനാണ് യോഗം. ഡിസംബർ 20 വരെയാണ് ശീതകാല സമ്മേളനം.

***************************************************

## ഐ.എഫ്.എഫ്.ഐ

55-ാമത് ഇന്ത്യ അന്താരാഷ്ട്ര ചലച്ചിത്രോത്സവത്തിൻറെ മൂന്നാം ദിനമായ ഇന്നും വിവിധ വിഭാഗങ്ങളിലായി നിരവധി ചിത്രങ്ങളാണ് പ്രദർശനത്തിനെത്തുന്നത്. പ്രീമിയറിൽ ഇന്ന് 70 സിനിമകൾ പ്രദർശിപ്പിക്കും. തുടർന്ന് ഓപ്പൺ എയർ സ്ക്രീനിങ്ങിൻ്റെ ഭാഗമായി മൂന്ന് സിനിമകൾ പ്രദർശിപ്പിക്കും. ക്രിയേറ്റീവ് മൈൻഡ്സ് ഓഫ് ടുമാറോ വിഭാഗത്തിൽ 100 യുവ പ്രതിഭകൾ മാറ്റുരക്കുന്നുണ്ട്. 48 മണിക്കൂർ കൊണ്ട് ഒരു സിനിമ പൂർത്തിയാക്കുക എന്നത് വെല്ലുവിളിയാണ് ഇവർ ഏറ്റെടുത്തിരിക്കുന്നത്. ഇവർ നിർമ്മിച്ച ചലച്ചിത്ര പ്രദർശനവും ഉണ്ടാകും.

RNU TVPM

***************************************************

## പ്രസാർ ഭാരതി സ്ഥാപക ദിനം

രാജ്യത്തെ പൊതു സേവന പ്രക്ഷേപകരായ പ്രസാർ ഭാരതിയുടെ സ്ഥാപക ദിനം ഇന്ന്. 1997 നവംബർ 23-നാണ് പ്രസാർ ഭാരതി സ്ഥാപിതമായത്. 1990 ലാണ് പാർലമെൻ്റ് പ്രസാർ ഭാരതി നിയമം പാസാക്കിയത്.

***************************************************

**മുനമ്പം ഭൂമിപ്രശ്നം**

മുനമ്പം ഭൂമി പ്രശ്നത്തിൽ സമരസമിതി ഭാരവാഹികളുമായി മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് വൈകിട്ട് ചർച്ച നടത്തും. പരിഹാരത്തിനായി ജുഡീഷ്യൽ കമ്മീഷനെ നിയമിക്കാൻ ഇന്നലെ മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന ഉന്നതതല യോഗത്തിൽ തീരുമാനം ആയിരുന്നു. ഹൈക്കോടതി മുൻ ആക്ടിങ് ചീഫ് ജസ്റ്റിസായിരുന്ന സി. എൻ. രാമചന്ദ്രൻ നായരുടെ നേതൃത്വത്തിലുള്ള കമ്മീഷൻ. മൂന്നു മാസത്തിനുള്ളിൽ നടപടികൾ പൂർത്തീകരിക്കുമെന്ന് മന്ത്രി പി. രാജീവ് വാർത്താസമ്മേളനത്തിൽ പറഞ്ഞു. ഭൂമിയിൽ കൈവശാവകാശമുള്ള ആരെയും ഒഴിപ്പിക്കില്ലെന്നും മന്ത്രി അറിയിച്ചു.

************************************************

**തലശ്ശേരി കോടതി - മുഖ്യമന്ത്രി**

തലശ്ശേരിയിലെ കണ്ണൂർ ജില്ലാ ജുഡീഷ്യൽ ആസ്ഥാനത്ത് നിർമ്മിച്ച കോടതി കെട്ടിട സമുച്ചയം മുഖ്യമന്ത്രി പിണറായി വിജയൻ അടുത്ത മാസം 26 ന് ഉദ്ഘാടനം ചെയ്യും. ഉദ്ഘാടനം സംബന്ധിച്ച അവലോകന യോഗത്തിൽ സ്പീക്കർ എ.എൻ ഷംസീർ, ജില്ലാ സെഷൻസ് ജഡ്ജ് കെ.ടി നിസാർ അഹമ്മദ് തുടങ്ങിയവർ പങ്കെടുത്തു. 1802 ൽ സ്ഥാപിതമായ തലശ്ശേരി കോടതിക്ക് കീഴിൽ നിലവിൽ 14 കോടതികളാണുള്ളത്. കിഫ്ബി ഫണ്ട് വഴി 57 കോടി രൂപ ചെലവഴിച്ചാണ് പുതിയ കെട്ടിട സമുച്ചയം നിർമ്മിച്ചത്.

************************************************

RIJU TVPM

## വർക്ക് നിയർ ഹോം-പദ്ധതി

സംസ്ഥാന ബജറ്റിൽ പ്രഖ്യാപിച്ച വർക്ക് നിയർ ഹോം പദ്ധതിയുടെ ഭാഗമായ സംസ്ഥാനത്തെ ആദ്യ വർക് നിയർ ഹോം സെൻററിൻറെ നിർമ്മാണോദ്ഘാടനം ധനമന്ത്രി കെ എൻ ബാലഗോപാൽ കൊട്ടാരക്കരയിൽ നിർവഹിച്ചു. ഫ്രീലാൻസ് തൊഴിലുകളിൽ ഏർപ്പെടുന്നവർ, സ്റ്റാർട്ടപ്പുകൾ, സ്വന്തമായി ചെറുസംരംഭങ്ങൾ നടത്തുന്നവർ, ജീവനക്കാർക്ക് വിദൂരമായി ജോലി ചെയ്യാനുള്ള സൗകര്യം നൽകാൻ ആഗ്രഹിക്കുന്ന നിലവിലെ സ്ഥാപനങ്ങൾ തുടങ്ങിയവർക്ക് സൗകര്യപ്രദമായും സുഖകരമായും അവരുടെ പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള സൗകര്യങ്ങൾ ഇവിടെ ലഭ്യമാക്കും.

*********************************************

RNU TVPM

## മലപ്പുറം - ശാസ്ത്രീയ പരിശോധന

മലപ്പുറം പോത്തുകൽ പഞ്ചായത്തിൽ ഭൂമിക്കടിയിൽനിന്ന് ശബ്ദവും പ്രകമ്പനവും ഉണ്ടായ പ്രദേശങ്ങളിൽ ദേശീയ ഭൗമ ശാസ്ത്ര കേന്ദ്രത്തിലെ ശാസ്ത്രജ്ഞർ പരിശോധനയ്ക്കെത്തി. ആശങ്കപ്പെടേണ്ട സാഹചര്യമില്ലെന്നും അടുത്ത രണ്ടു മൂന്നു മാസം പ്രദേശം സൂക്ഷ്മ നിരീക്ഷണത്തിന് വിധേയമാക്കുമെന്നും സംഘം അറിയിച്ചു. കുഴൽക്കിണറുകളിലെ പാറകൾ തെന്നിമാറുന്നത് ഇത്തരം ശബ്ദങ്ങൾക്കും പ്രകമ്പനങ്ങൾക്കും കാരണമാകാറുണ്ടെന്ന് സംഘം വ്യക്തമാക്കി. സംസ്ഥാന - ജില്ലാ ദുരന്തനിവാരണ അതോറിറ്റികളുടെ നിർദേശപ്രകാരമാണ് പരിശോധന നടന്നത്.

*********************************************

## കണ്ണൂർ കലോത്സവം

പയ്യന്നൂരിൽ നടക്കുന്ന കണ്ണൂർ ജില്ലാ സ്കൂൾ കലോത്സവം ഇന്ന് സമാപിക്കും. വൈകിട്ട് നടക്കുന്ന സമാപന സമ്മേളനം നിയമസഭാ സ്പീക്കർ എ.എൻ ഷംസീർ ഉദ്ഘാടനം ചെയ്യും. ഇഞ്ചോടിഞ്ച് പോരാട്ടമാണ് ഓരോ ഉപജില്ലകളും തമ്മിൽ നടക്കുന്നത്.

************************************************

## ക്രിക്കറ്റ്

ബോർഡർ ഗാവസ്ക്കർ ട്രോഫിക്കുവേണ്ടിയുള്ള ഇന്ത്യ - ഓസ്ട്രേലിയ ടെസ്റ്റ് ക്രിക്കറ്റ് പരമ്പരയിലെ ആദ്യ ടെസ്റ്റിൽ ഇന്ത്യക്ക് ഒന്നാമിന്നിങ്സ് ലീഡ്. ഒന്നാം ഇന്നിംഗ്സിൽ ഇന്ത്യ 150 റൺസ് നേടിയിരുന്നു. മറുപടി ബാറ്റിങ്ങിനിറങ്ങിയ ഓസ്ട്രേലിയ 104 റൺസിന് എല്ലാപേരും പുറത്താവുകയായിരുന്നു. ആദ്യ ഇന്നിങ്സിൽ ഇന്ത്യയ്ക്കും ഓസ്ട്രേലിയക്കും ഒരുപോലെ ബാറ്റിംഗ് തകർച്ച നേരിട്ടിരുന്നു. 58 റൺസിൻറെ ലീഡ് നേടിയ ഇന്ത്യയുടെ രണ്ടാം ഇന്നിംഗ്സ് ബാറ്റിംഗ് തുടരുന്നു.

RIU TVPM

************************************************

## വൈക്കത്തഷ്ടമി

പ്രസിദ്ധമായ വൈക്കത്തഷ്ടമി ഇന്ന്. വൈക്കം മഹാദേവ ക്ഷേത്രത്തിൽ പുലർച്ചെ നാലരയ്ക്ക് അഷ്ടമി ദർശനത്തിൽ വൻ ഭക്തജന തിരക്കാണ് അനുഭവപ്പെട്ടത്. നാളെ വൈകിട്ട് അഞ്ചിനാണ് ആറാട്ട് എഴുന്നള്ളിപ്പ്. തിങ്കളാഴ്ച മുക്കുടി നിവേദ്യത്തോടെ അഷ്ടമി ഉൽസവത്തിന് കൊടിയിറങ്ങും.

************************************************

**ഓംചേരി – സംസ്ക്കാരം**

ഇന്നലെ അന്തരിച്ച പ്രശസ്ത നാടകരചയിതാവും കേന്ദ്ര സാഹിത്യഅക്കാദമി അവാർഡ് ജേതാവുമായ പ്രൊഫ ഓംചേരി എൻ. എൻ പിള്ളയുടെ സംസ്കാരം നാളെ. കഴിഞ്ഞ 73 വർഷമായി ഡൽഹിയിൽ സ്ഥിര താമാസക്കാരനായ അദ്ദേഹം ഒമ്പത് നാടകങ്ങൾ, എൺപതിലധികം ഏകാംഗ നാടകങ്ങൾ, ഏതാനും നോവലുകൾ. തുടങ്ങിയവ രചിച്ചിട്ടുണ്ട്. കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ്, കേരള സാഹിത്യ അക്കാദമി അവാർഡ്, കേരള പ്രഭ അവാർഡ്, തുടങ്ങി നിരവധി പുരസ്കാരങ്ങൾ നേടിയിട്ടുണ്ട്. ഡൽഹിയിലെ ആശുപത്രിയിൽ വാർധക്യസഹജമായ അസുഖങ്ങളെ തുടർന്നായിരുന്നു അന്ത്യം.

നാടകാചാര്യൻ ഓംചേരി എൻ.എൻ പിള്ളയുടെ നിര്യാണത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഉൾപ്പെടെയുള്ള പ്രമുഖർ അനുശോചനം രേഖപ്പെടുത്തി.കേരളത്തിൽ നിന്ന് ദീർഘകാലം വിട്ടുനിന്നിട്ടും ഓരോ ശ്വാസത്തിലും കേരളീയത നിലനിർത്തിയ സമാനതകളില്ലാത്ത സാംസ്കാരിക നായകനായിരുന്നു ഓംചേരി എന്ന് മുഖ്യമന്ത്രി അനുശോചന സന്ദേശത്തിൽ പറഞ്ഞു.

RNU TVPM

**********************************************

***************

*****